പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 222 23.01.2018-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി.അന്തർസംസ്ഥാന സർവ്വീസ്**

ചോദ്യം
ശ്രീ.രാജു എബ്രഹാം

ഉത്തരം
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ നിന്നും ഏതൊക്കെ സംസ്ഥാനങ്ങളിലേക്കാണ് ഇപ്പോൾ കെ.എസ്.ആർ.ടി.സി. ബസുകൾ അന്തർസംസ്ഥാന സർവ്വീസ് നടത്തുന്നതെന്ന് വെളിപ്പെടുത്താമോ ; | (എ) | കെ.എസ്.ആർ.ടി.സി തമിഴ്നാട്, കർണ്ണാടക എന്നീ അയൽ സംസ്ഥാനങ്ങളിലെ വിവിധ ഭാഗങ്ങളിലേയ്ക്കാണ് അന്തർസംസ്ഥാന സർവ്വീസ് നടത്തി വരുന്നത്. |
| (ബി) | കേരളത്തിൽ നിന്നും ദിവസേന മറ്റ് സംസ്ഥാനങ്ങളിലേക്ക് എത്ര ബസുകൾ സർവ്വീസ് നടത്തുന്നു എന്ന് ഡിപ്പോ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ; മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് പ്രതിദിനം എത്ര സർവ്വീസുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി | കെ.എസ്.ആർ.ടി.സി. മറ്റ് സംസ്ഥാനങ്ങളിലേക്ക് നടത്തുന്ന സർവ്വീസുകളെ സംബന്ധിക്കുന്ന വിവരം അനുബന്ധമായി ചേർക്കുന്നു. കർണ്ണാടകയിൽ നിന്നും 29 സ്വകാര്യ സ്റ്റേജ് കാര്യേജുകളും തമിഴ്നാട്ടിൽ നിന്നും 4 സ്വകാര്യ സ്റ്റേജ് കാര്യേജുകളും കേരളത്തിലേക്ക് പ്രതിദിനം സർവ്വീസ് നടത്തുന്നുണ്ട്. കൂടാതെ കർണ്ണാടകയിൽ നിന്നും 152 ഉം തമിഴ്നാട്ടിൽ നിന്നും 71 ഉം സംസ്ഥാന ഉടമസ്ഥതയിൽ ഉള്ള വാഹനങ്ങൾ Countersignature of permit എടുത്ത് സർവ്വീസ് നടത്തി വരുന്നു. |
| (സി) | അന്യ സംസ്ഥാനക്കാർ ധാരാളമുള്ളതും അന്യ സംസ്ഥാനങ്ങളിൽ ധാരാളം പേർ തൊഴിൽ | (സി) | അന്തർസംസ്ഥാന കരാർ വ്യവസ്ഥകൾക്ക് അനുസരിച്ചാണ് കെ.എസ്.ആർ.ടി.സി അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തി |

| | | | |
|---|---|---|---|
| | പഠനം തുടങ്ങിയവയ്ക്ക് പോകുന്നതുമായ ബാംഗ്ലൂരിലേയ്ക്കും, ചെന്നൈ, മധുര എന്നിവിടങ്ങളിലേക്കും റാന്നിയിൽ നിന്നും കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര ബസ് സർവ്വീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ? | | വരുന്നത്. നിലവിലുള്ള കരാറുകളിൽ വ്യവസ്ഥ ചെയ്യാത്തതിനാൽ റാന്നിയിൽ നിന്നും ബാംഗ്ലൂർ, ചെന്നൈ, മധുര എന്നിവിടങ്ങളിലേയ്ക്ക് അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയുകയില്ല. |

**സെക്ഷൻ ഓഫീസർ**